# ശ്ലീഹാക്കാലം

## ആറാം ഞായർ

## വചന വിചിന്തനം

ലൂക്കാ 12,57-13,5

"ഫലം കായ്ക്കേണ്ട വൃക്ഷമെല്ലാം
യഥാക്കാലം ഫലം കായ്ക്കണം.
ഓർക്കുക... ഊരിപിടിച്ച വാളുമായി യജമാനൻ തൊട്ടുമുമ്പിലുണ്ട്!
കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു,
"ഫലം തരാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും!"

"ഒരുവൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നുനോക്കാൻ അവൻ വന്നു; എന്നാൽ ഒന്നും കണ്ടില്ല. അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽനിന്ന് ഫലം അന്വേഷിച്ചുവരുന്നു; ഒന്നും കാണുന്നില്ല. അതു വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം?" (ലൂക്കാ 13,6 - 7). മാനസാന്തരത്തിന്റെ തീവ്രതയെ സൂചിപ്പിക്കാൻ ഇതിനേക്കാൾ നല്ല വചനഭാഗമില്ല. ഒരുപാട് മുന്തിരിച്ചെടികൾക്കിടയിൽ ഒരു അത്തിവൃക്ഷം മാത്രം. തീർച്ചയായും, ആ അത്തിവൃക്ഷത്തിന് മറ്റ് ഏത് ചെടികളെക്കാൾ അധികം പരിഗണനയും, സംരക്ഷണവും ലഭിച്ചിരിക്കണം. എന്നിട്ടും, യഥാക്കാലം ഫലം സമ്മാനിക്കാൻ അത്തിവൃക്ഷത്തിന് സാധിച്ചില്ല. ഫലമോ, യജമാൻ പറയുന്നു, "അതു വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം?" (ലൂക്കാ 13,7).

"അനുതപിക്കുക..." ഇത് ക്രിസ്തുവിന്റെ ആഹ്വാനമാണ് ദൈവരാജ്യം സ്വന്തമാക്കാൻ. അനുതാപിക്കുക എന്നതിനർത്ഥം, കൂടെയിരുന്ന് ചൂടുപിടിക്കുക എന്നതാണ്...

യഥാക്കാലം ഫലം കായക്കേണ്ട വൃക്ഷമെല്ലാം ഫലം സമ്മാനിച്ചില്ലെങ്കിൽ വെട്ടി തീയ്യിലെറിയപ്പെടാനാണ് വിധിയെങ്കിൽ, ഫലം സമ്മാനിക്കാത്ത മനുഷ്യരെയും നോക്കി സകലത്തിന്റെയും ഉടയോൻ പറയുന്നതും ഇതു തന്നെയായിരിക്കും. ക്രിസ്തു "ഫലം തരാത്ത അത്തിവൃക്ഷ"ത്തിന്റെ ഉപമ പറയുന്നത് മാനസാന്തരത്തിന്റെ ആവശ്യകതയെ പഠിപ്പിക്കുന്നതിനാണ്. ദൈവം നിനക്ക് ആവശ്യമുള്ളതെല്ലാം അതിനേക്കാൾ അധികമായി നൽകിയിട്ടുണ്ട്. എന്നിട്ടും, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിച്ചില്ലെങ്കിൽ ദൈവം നിന്നെ നശിപ്പിക്കും. ക്രിസ്തു പറയുന്നു, "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,5).

"ദുഷ്ടനെ ദൈവം പന പോലെ വളർത്തും!" വചനത്തിൽ പറയുന്നു എന്ന് പറഞ്ഞ് പല്ലപ്പോഴും നാം ഉപയോഗിക്കുന്ന ഒരു വാചകമാണിത്. പക്ഷെ, ഇത് വചനത്തിൽ പറഞ്ഞിരിക്കുന്ന ഒന്നല്ല. മറിച്ച്, അനുഭവത്തിന്റെ വെളിച്ചത്തിൽ പഴമക്കാർ പറഞ്ഞിരിക്കുന്ന ഒന്നാണ്. ശരിയാണ്, ദൈവം ദുഷ്ടനെ പനപോലെ തന്നെ വളർത്തും. എന്നിട്ട്, അതിന്റെ ഉത്തുംഗശ്രേണിയിലെത്തുമ്പോൾ താഴെയ്ക്ക് ഒരു തള്ളിവിടലുണ്ട്. അതിന്റെ വേദന കഠിനമായിരിക്കും. താഴെ നിന്ന് താഴെയ്ക്ക് വീഴുന്നതിനേക്കാൾ വേദനയുണ്ടാകും മുകളിൽ നിന്ന് താഴെയ്ക്ക് വീഴുമ്പോൾ. അതുകൊണ്ട് തന്നെ മാനസാന്തരത്തിനുള്ള ഏറ്റവും നല്ല സമയം ഇതാണ്, ഈ നിമിഷമാണ്. ഇല്ലെങ്കിൽ, വചനം ഓർമ്മപ്പെടുത്തുന്നു, "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,5).

ജ്ഞാനിയും സൽഗുണ സമ്പന്നനും ദാനശീലനുമായിരുന്ന വൃദ്ധനായ ഒരു ധനികൻ രോഗശയ്യയിലായിരുന്നപ്പോൾ തന്റെ മകനെ അടുത്തു വിളിച്ചു കൊണ്ട്

പറഞ്ഞു;

"മോനെ, ഞാൻ ഇനി അധിക കാലം ഉണ്ടാവില്ല. ഞാൻ മരിച്ചാൽ എന്റെ ശരീരം കുളിപ്പിച്ചു കഴിഞ്ഞ് ഖബറിലേക്കെടുക്കാനായി വെള്ളത്തുണിയിൽ പൊതിയുന്നതിനു മുമ്പ് എന്റെ ഒരു കാലിൽ എന്റെ ഒരു പഴയ സോക്സ് ധരിപ്പിക്കണം, ഇത് എന്റെ ഒസ്യത്താണ് (അവസാന ആഗ്രഹമാണ്).

അധികം താമസിയാതെ വൃദ്ധൻ മരണമടഞ്ഞു. മരണാനന്തര ചടങ്ങുകളിൽ ബന്ധുക്കളും മിത്രങ്ങളും നാട്ടു പ്രമാണികളുമെല്ലാം പങ്കെടുത്തു. അവസാനം ശരീരം കുളിപ്പിച്ച ശേഷം കഫൻ ചെയ്യാൻ (വെള്ള തുണിയിൽ പൊതിയാൻ) തുടങ്ങുന്ന നേരം മകൻ ഒരു സോക്സുമായി വന്നു അത് മൃത ശരീരത്തിന്റെ കാലിൽ ധരിപ്പിക്കാൻ ഒരുങ്ങി. ഇത് കണ്ടു അവിടെ കൂടിയിരുന്നവർ തടഞ്ഞു, പറഞ്ഞു;

"നിങ്ങൾ എന്താണ് ചെയ്യുന്നത്? മൃതശരീരത്തെ പഴയ സോക്സ് ധരിപ്പിക്കുകയോ? അങ്ങിനെ ചെയ്യാൻ പാടില്ല."

മകൻ പറഞ്ഞു; "പക്ഷെ, ഇത് എന്നോടുള്ള എന്റെ പിതാവിന്റെ ഒസ്യത്തായിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹം. അത് കൊണ്ട് ഇത് ചെയ്യാൻ എന്നെ അനുവദിക്കണം."

കൂടി നിന്നവരിൽ നിന്നും എതിർപ്പിന്റെ ശബ്ദങ്ങൾ കൂടുതൽ ശക്തമായി ഉയർന്നു.

"എന്ത് വിഡ്ഢിത്തമാണ് നിങ്ങൾ പറയുന്നത്! എത്ര വലിയ ആളാണെങ്കിലും ഇങ്ങനെ ഒരു കാര്യം സാധ്യമല്ല... ഒസ്യത്തോ, അവസാനത്തെ ആഗ്രഹമോ എന്തുമാവട്ടെ, മതനിയമങ്ങൾക്ക് എതിരായ ഒരു കാര്യവും ചെയ്യാൻ പാടില്ല."

മകൻ പറഞ്ഞു: "പക്ഷെ ഇത് ഞാൻ എന്റെ പിതാവിന് വാക്ക് കൊടുത്തതാണ്, എനിക്കിത് ചെയ്തെ തീരൂ..."

കൂടി നിന്നവരിൽ നാട്ടു പ്രമാണിയായ ഒരാൾ പറഞ്ഞു: "കുട്ടീ , നീ ഈ ചെയ്യാൻ പോകുന്നത് ശരീയത്തിന് (മതനിയമങ്ങൾക്ക്) എതിരായ കാര്യമാണ്. ഇങ്ങിനെ ചെയ്താൽ നല്ലൊരു മതവിശ്വാസിയായിരുന്ന നിന്റെ പിതാവിന് മതാചാരപ്രകാരമുള്ള മരണാനന്തര കർമ്മങ്ങൾ സാധ്യമാവില്ല, സംശയമുണ്ടെങ്കിൽ മുഫ്തിയെ (മുഖ്യ പുരോഹിതൻ) വിളിച്ചു ചോദിച്ചു കൊള്ളുക."

അങ്ങിനെ മുഫ്തിയും മറ്റു പുരോഹിതന്മാരുമെല്ലാം എത്തി, അവരെല്ലാം ഏക സ്വരത്തിൽ പറഞ്ഞു. " ഇത് സാധ്യമല്ല, ഇത് മതവിധിക്കെതിരാണ്..."

> ഫലം തരാത്ത
> അത്തിവൃക്ഷത്തെ
> വെട്ടി തീയ്യിലെറിയാൻ
> കൽപ്പിച്ച യജമാനെപ്പോലെ
> വിധിയാളനായ
> ഒരു യജമാനൻ
> നമുക്ക് മുകളിലുണ്ട്!
> ആനുകൂല്യങ്ങൾ
> അനുഭവിക്കുന്നവർ
> കടമകൾ മറക്കരുത്.

ഈ സമയം മരണപ്പെട്ട വൃദ്ധന്റെ ഒരു സുഹൃത്ത് മുന്നോട്ടു വന്നു കൊണ്ട് പറഞ്ഞു: "മരണമടഞ്ഞ എന്റെ സുഹൃത്ത് ഒരു നല്ല മതവിശ്വാസിയായിരുന്നു, അദ്ദേഹം ഇങ്ങനെ ഒരു കാര്യം ഒരിക്കലും ആവശ്യപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇനി അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ എന്തെങ്കിലും കാര്യം കാണും. അദ്ദേഹം മരിക്കുന്നതിനു മുൻപ് എന്നെ ഒരു കത്ത് ഏൽപ്പിച്ചിട്ടുണ്ട്. മരണശേഷം അദേഹത്തിന്റെ മകന് നൽകാനായി. ചടങ്ങുകൾ എല്ലാം കഴിഞ്ഞു അത് കൊടുക്കാം എന്നായിരുന്നു ഞാൻ കരുതിയത്, എന്നാൽ, ഇപ്പോൾ എനിക്ക് തോന്നുന്നു ഇപ്പോഴത്തെ ഈ തർക്കത്തിന് എന്തെങ്കിലും പരിഹാരം ആകത്തിൽ കാണുമെന്ന്! ഇത്രയും പറഞ്ഞ് അയാൾ കത്ത് മകന് നൽകി, "ഇതാ കത്ത്, വായിച്ചു നോക്കൂ..."

മകൻ വിറയാർന്ന കൈകളോടെ കത്ത് തുറന്നു വായിക്കാൻ തുടങ്ങി.

കത്ത് ഇങ്ങനെയായിരുന്നു...

"മകനേ, എന്റെ എല്ലാ സ്വത്തുക്കളെ കുറിച്ചുള്ള വിവരങ്ങളും നിനക്കറിയാമല്ലോ, ഇപ്പോൾ ഞാൻ അതെല്ലാം നിനക്കായി തന്നു പോവുകയാണ്, നീ കാണുന്നില്ലേ, എന്റെ ഒരു പഴയ സോക്സ് പോലും കൂടെ കൊണ്ട് പോകാൻ എന്നെ ആരും അനുവദിക്കുന്നില്ല, ഒരു നാൾ നീയും എന്റെ വഴി പിന്തുടർന്ന് വരേണ്ടി വരും അന്ന്

നിനക്കും മൂന്നു കഷണം വെള്ള തുണിയല്ലാതെ ഒന്നും കൂടെ കൊണ്ട് വരാൻ കഴിയില്ല. അതുകൊണ്ട് സ്വയം തയാറെടുക്കുക, ഇങ്ങിനെ ഒരു ദിവസത്തിനായി! ഞാൻ നിനക്കായി വിട്ടിട്ടു പോകുന്ന സ്വത്തുക്കൾ നിന്റെ സ്വന്തം കാര്യങ്ങൾക്കായി മാത്രം ചിലവഴിക്കാതെ ലോക നന്മക്കായി കൂടെ വിനിയോഗിക്കുക. കാരണം, അവസാന യാത്രയിൽ കൂടെ കൊണ്ട് പോകാൻ നിനക്കും നിന്റെ കർമ്മ ഫലങ്ങൾ മാത്രമേ കാണൂ!!!"

ദൈവം വച്ചുനീട്ടിയതെല്ലാം ഔദാര്യമാണ്. പലപ്പോഴും നാം അഹംങ്കരിക്കുന്നുണ്ട്, നമ്മുടെ അദ്ധ്വാനത്തിന്റെ പുറത്താണ് നീ ഇതെല്ലാം നേടിയതെന്ന്. അതുകൊണ്ട് തന്നെ, നാം നേടി എന്നു കരുതുന്നതിന്റെ പുറകിൽ ദൈവം ഒളിപ്പിച്ച് വച്ചിട്ടുള്ള ദൈവീക കരങ്ങളെ തിരിച്ചറിയാൻ നമുക്ക് സാധിച്ചിട്ടില്ല. ദൈവത്തിന് ഇതെല്ലാം തച്ചുടയ്ക്കാൻ ഒറ്റ നിമിഷം മതി. സ്നാപകയോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ നിന്നു വന്നു പ്രസംഗിക്കുന്നത് ഇപ്രകാരമാണ്:

"മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽ നിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയതാരാണ്? മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ. വൃക്ഷങ്ങളുടെ വേരിനു കോടാലിവച്ചുകഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയും" (മത്താ 3,1).

സ്നാപകയോഹന്നാൻ ബന്ധനസ്ഥനായി എന്നു കേൾക്കുമ്പോൾ ക്രിസ്തുവിന്റെ പ്രതികരണം ഇപ്രകാരമാണ്, "യേശു പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17).

എങ്കിൽ, ന്യായമായ ഒരു സംശയം നമ്മുക്കുണ്ടാകും, ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിക്കുകയും, മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും, സ്വർഗ്ഗത്ത് പിതാവായ ദൈവത്തിന്റെ വലതു ഭാഗത്ത് ഉപവിഷ്ഠനാവുകയും ചെയ്തു. എന്നിട്ടും, എന്തിനാണ് ഞാൻ അനുതപിക്കേണ്ടത്? എന്താണ് അനുതാപത്തിന്റെ ആവശ്യം? ഇതിനുള്ള ഉത്തരവും ക്രിസ്തു തന്നെ സമ്മാനിക്കുന്നുണ്ട്, "പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (24,47). "വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,16).

ഭൗതീകമായ എല്ലാ ആനുകൂല്ല്യങ്ങളും അനുഭവിച്ച് തഴച്ച് വളർന്ന അത്തിവൃഷം യഥാക്കാലം ഫലം സമ്മാനിച്ചില്ല. ഫലമോ, വെട്ടി തിയ്യിലെറിയപ്പെടാനുള്ള വിധിയും! ചുരുക്കത്തിൽ, കർത്താവിന്റെ വിധി നമ്മളെ ഓർമ്മപ്പെടുത്തുന്നത്, "ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർ കടമകൾ മറക്കരുത്" എന്നത് മാത്രമാണ്.

*മാനസാന്തരം എന്നത് മനസിന്റെ അന്തരമാണ്. ചെയ്യുന്നത് ശരിയല്ല എന്നുള്ള ബോദ്ധ്യത്തോട് കൂടെ ക്രിസ്തുവിലേയ്ക്ക് തിരിച്ച് നടക്കാനുള്ള വിളിയാണത്!*

***"ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാത്തപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു."***

അപ്പ 14,30

ഫാ. ജോബി മെനോത്ത് : +91 944 7777 931